प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

സെപ്റ്റംബര് 28, 2018

**എന്.ബി.എഫ്.സി.-എം.എഫ്.ഐ.കള് 2018 ഒക്ടോബര്-1 ന് തുടങ്ങുന്ന ത്രൈമാസികത്തില് ചുമത്തേണ്ട പ്രയോഗക്ഷമമായ ശരാശരി അടിസ്ഥാന നിരക്ക്**
**(Applicable Average Base Rate)**

ബാങ്കിംഗിതര ധനകാര്യസ്ഥാപനങ്ങള്, സൂക്ഷ്മ ധനകാര്യസ്ഥാപനങ്ങള് (NBFc-MFIs) എന്നിവ അവയുടെ വായ്പക്കാരില് നിന്നും 2018 ഒക്ടോബര് 1-ന് തുടങ്ങുന്ന ത്രൈമാസികത്തില് ഈടാക്കേണ്ട പ്രയോഗക്ഷമ ശരാശരി അടിസ്ഥാന നിരക്ക് 9.02 ശതമാനമായിരിക്കണമെന്ന് റിസര്വ് ബാങ്ക് ഓഫ് ഇന്ത്യ ഇന്ന് പരസ്യപ്പെടുത്തി.

എന്.ബി.എഫ്.സി.- എം.എഫ്.ഐ.കള്ക്ക് വായ്പകള്ക്കുള്ള പലിശ നിരക്ക് സംബന്ധിച്ച് 2014 ഫെബ്രുവരി 7-ന് റിസര്വ്ബാങ്ക് പുറപ്പെടുവിച്ച സര്ക്കുലറില്, എന്.ബി.എഫ്.സി.-എം.എഫ്.ഐ.കള് എന്നിവ അവരുടെ വായ്പക്കാരില്നിന്നും തുടര്ന്നുവരുന്ന ത്രൈമാസികത്തില് ഈടാക്കേണ്ട പലിശ നിരക്കുകള് നിശ്ചയിക്കുവാനായി, ഏറ്റവും വലിയ അഞ്ചു വാണിജ്യ ബാങ്കുകള് ഈടാക്കുന്ന ശരാശരി അടിസ്ഥാന നിരക്കുകള്, ഓരോ ത്രൈമാസികത്തിന്റെയും അവസാനപ്രവൃത്തി ദിവസം റിസര്വ്ബാങ്ക് ഓഫ് ഇന്ത്യ അറിയിക്കാമെന്ന് പറഞ്ഞിരുന്നകാര്യം ഓര്ക്കുമല്ലോ.

**അജിത് പ്രസാദ്**
അസിസ്റ്റന്റു അഡ്വൈസര്

**പ്രസ്സ് റിലീസ് 2018-2019/727**